DESPATCHED
On.25/10/22



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1272(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.8985/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ഒക്ടോബർ 21

ശ്രീ. ഷിബു എസ്.വി.,
ചാരുവിള പുത്തൻ വീട്,
ചക്കുവരയ്ക്കൽ പി.ഒ.,
കുന്നിക്കോട്, കൊല്ലം - 691 508.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
മേഖലാ ഓഫീസ്, എറണാകുളം.
2. അപ്പീൽ അധികാരി &
ജോയിന്റ് സെക്രട്ടറി, അഡൈ്വസ് (ലിറ്റിഗേഷൻ),
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 22.3.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.4.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 22.4.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 4.6.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 13.6.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 15.6.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25.6.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 16.7.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 19.7.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എതിർകക്ഷികൾ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ഷിബു എസ്.വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലും രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ

അപേക്ഷയിലും ആവശ്യപ്പെട്ട സഹകരണ വകുപ്പിലെ ജൂനിയർ ഇൻസ്പെക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (കാറ്റഗറി നമ്പർ 449/11) തസ്തികയുടെ PH-backlog ഒഴിവുകൾ റൊട്ടേഷൻ ആദ്യമായി നികത്തികൊണ്ട് റാങ്ക് പട്ടികയിൽ നിന്നുള്ള മൊത്തം റൊട്ടേഷൻ, റഫ് റൊട്ടേഷൻ ആയി വർക്ക് ഔട്ട് ചെയ്തതിന്റെ കെ.പി.എസ്.സി എറണാകുളം മേഖലാ ഓഫീസറുടെ കത്തിന്റെ പകർപ്പും ടി റിപ്പോർട്ടിന്റെ പകർപ്പും ആയിരുന്നു എന്നും എന്നാൽ ആയത് വിവരാവകാശ നിയമം വകുപ്പ് 8(1) (ഇ) പ്രകാരം നൽകാൻ നിർവ്വാഹമില്ല എന്ന മറുപടിയാണ് എതിർകക്ഷികൾ നൽകിയതെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് മറുപടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 22.3.2022 ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 17.9.2021 ലെ AVIII(1)5731/15/GW നമ്പർ കത്തിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ എറണാകുളം റീജ്യണൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ടോ എന്നും

ii. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 17.9.2021 ലെ AVIII(1)5731/15/GW നമ്പർ കത്തിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ എറണാകുളം റീജ്യണൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ടെങ്കിൽ ടി മറുപടിയുടെ ഒരു പകർപ്പ് വിവരാവകാശ നിയമ പ്രകാരം നൽകാൻ നടപടി ഉണ്ടാകണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 16.4.2022-ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 22.4.2022-ന് നൽകിയ ഒന്നാം അപ്പീൽ തീർപ്പാക്കി 4.6.2022-ന് നൽകിയ മറുപടിയിൽ അപ്പീൽ അധികാരി വ്യക്തമായ വിവരം നൽകിയിട്ടുള്ളതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 13.7.2022 ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷകൻ 22.3.2022 തീയതി രേഖപ്പെടുത്തി ഒന്നാം എതിർകക്ഷി ഓഫീസിൽ നൽകിയ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 17.9.2021 ലെ AVIII(1)5731/15/GW നമ്പർ കത്തിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ എറണാകുളം റീജ്യണൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ പ്രസ്തുത മറുപടി കത്തിന്റെ പകർപ്പ് നൽകണമെന്നും, ടി കത്തിലെ നിർദ്ദേശം പി.എസ്.സിയുടെ എറണാകുളം റീജിയണൽ ഓഫീസർ നടപ്പാക്കിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ ടി ഉത്തരവിന്റെ പകർപ്പ് നൽകണമെന്നും, നടപ്പിലാക്കിയിട്ടില്ല എങ്കിൽ ആയതിന്റെ കാരണം എന്താണ്, എന്നീ 5 ചോദ്യങ്ങളാണ് ഉന്നയിച്ചിരുന്നതെന്നും ആയതിന് നൽകിയ മറുപടി തൃപ്തികരമല്ലെന്ന് രേഖപ്പെടുത്തിയാണ് 23.4.2022-ന് ടിയാൻ അപ്പീൽ സമർപ്പിച്ചിരുന്നതെന്നും പ്രസ്തുത അപ്പീലിന്, PH-backlog ഒഴിവുകൾ ആദ്യ ദിവസത്തെ റൊട്ടേഷന്റെ ആദ്യമായി നികത്തികൊണ്ടുള്ള Rough Rotation ഉൾപ്പെട്ടിട്ടുള്ള റിപ്പോർട്ടിന്റെ പകർപ്പ് വിവരാവകാശ നിയമം വകുപ്പ് 8(1)(ഇ) പ്രകാരം നൽകാൻ നിർവ്വാഹമില്ലെന്നും, ജൂനിയർ ഇൻസ്പെക്ടർ ഓഫ് കോ-ഓപ്പറേറ്റീവ്

സൊസൈറ്റീസ് തസ്തികയിലേക്ക് കമ്മീഷൻ നൽകിയ അഡ്വൈസ് അനുസരിച്ചുള്ള സീനിയോറിറ്റി ഫൈനൽ ആണെന്നും ആയതിൽ മാറ്റം വരുത്തുവാൻ കഴിയുകയില്ലെന്നുമുള്ള കമ്മീഷൻ തീരുമാനം അറിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് ഭിന്നശേഷി കമ്മീഷണർക്ക് നൽകിയിട്ടുണ്ടെന്നുള്ള വിവരവും 4.6.2022-ലെ IDS-II(1)Appeal/1551/2022/GW നമ്പർ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചിരുന്നു എന്നുമാണ്. ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച പ്രാഥമിക, അപ്പീൽ അപേക്ഷകൾക്ക് ലഭ്യമായ വിവരം വസ്തുനിഷ്ഠവും നിയമപരവുമായി നിശ്ചിത സമയപരിധിക്കുള്ളിൽ ടിയാന് നൽകിയിട്ടുള്ളതാണെന്നും ആയതിൽ കൂടുതലായി ഒരു മറുപടിയും വിവരാവകാശ നിയമ പ്രകാരം ഹർജിക്കാരന് നൽകാവുന്നതല്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന്റേയും എതിർകക്ഷികളെ നേരിൽ കേട്ടതിന്റേയും അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി അംഗീകരിച്ച് കൂടുതൽ വ്യക്തമായി ഒന്നാം അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി നൽകിയ മറുപടി ശരിയായതും നീതിയുക്തമായതും ആണ് എന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഓഫീസിനകത്തെ ഉപയോഗത്തിനായി തയ്യാറാക്കുന്ന റഫ് റൊട്ടേഷൻ ചാർട്ട് പി.എസ്.സിയുടെ സൗകാര്യാർത്ഥം അവർക്ക് ഒരു തീരുമാനത്തിലെത്തുന്നതിനുവേണ്ടി തയ്യാറാക്കുന്നതാണ്. പി.എസ്.സി അംഗീകരിച്ച രേഖ ആയി അതിനെ കണക്കാക്കാൻ കഴിയില്ല എന്നാണ് കമ്മീഷന് ബോധ്യമാകുന്നത്. കൂടാതെ ആയത് വിവരാവകാശ നിയമത്തിലെ 8(1)(ഇ) വകുപ്പിന്റെ കീഴിൽ വരുന്നതിനാൽ നൽകേണ്ടതില്ല. ആയതിനാൽ ഒന്നാം അപ്പീൽ അധികാരിയുടെ റിപ്പോർട്ടിൽ പ്രസ്താവിച്ച കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷന് ബോധ്യമാകുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീലിന്മേൽ നടപടി ആവശ്യമില്ലെന്ന് വിലയിരുത്തി ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഒക്ടോബർ 21-ാം തീയതി തീർപ്പാക്കി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

bnk